നം.എം.5/11205/2018/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി. 12/02/2018.

## വിജ്ഞാപനം

വിഷയം:- പൊതുവിദ്യാഭ്യാസം- തിരുവനന്തപുരം, പാങ്ങപ്പാറയിൽ പ്രവർത്തിച്ചുവരുന്ന സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തിൽ ഡയറക്ടറെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നത്-സംബന്ധിച്ച്

സൂചന:- 1) സ.ഉ.(എം.എസ്) നം. 71/2017/പൊ.വി.വ. തീയതി. 05/07/2017.
2) 15/12/2017-ലെ സർക്കാർ കത്ത് നം. 213/ആർ.2/17/പൊ.വി.വ

*************

തിരുവനന്തപുരം, പാങ്ങപ്പാറയിൽ പ്രവർത്തിച്ചു വരുന്ന സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തിൽ കരാർ/ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഡയറക്ടറെ നിയമിക്കുന്നതിന് യോഗ്യരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ, ബയോഡാറ്റയും, പ്രവൃത്തി പരിചയം തെളിയിക്കുന്നതിനാവശ്യമായ രേഖകളുടെ പകർപ്പ്, വയസും വിദ്യ്യാസ യോഗ്യതയും തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ ഉൾപ്പെടെ 14/03/2017, വൈകിട്ട് 5 മണിക്ക് മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിക്കേണ്ടതാണ്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നവർക്ക് നിലവിൽ വാങ്ങിക്കൊണ്ടിരുന്ന ശമ്പള സ്കെയിലിൽ ശമ്പളം നൽകുന്നതാണ്. എന്നാൽ കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നവർക്ക് ലഭിക്കേണ്ട ഓണറേറിയം സംബന്ധിച്ച് അപേക്ഷകർ അപേക്ഷയിൽ സൂചിപ്പിക്കേണ്ടതാണ്. പ്രസ്തുത വിഭാഗത്തിൽ നിയമിക്കപ്പെടുന്നവർക്കുള്ള ഓണറേറിയം സർക്കാർ തലത്തിൽ തീരുമാനിക്കുന്നതായിരിക്കും.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിക്കുന്ന അപേക്ഷകളിൽ, അർഹരായവരുടെ അപേക്ഷകൾ, ഇന്റർവ്യൂ നടത്തി തെരെഞ്ഞെടുക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നൽകുന്നതാണ്. പൊതുവിദ്യാഭ്യാസ

വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സെലക്ഷൻ കമ്മിറ്റി, അർഹരായവരെ ഇന്റർവ്യൂ നടത്തി, റാങ്ക് ലിസ്റ്റ് തയ്യാറാക്കി നിയമനം നൽകുന്നതാണ്.

1. ഡയറക്ടർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനാവശ്യമായ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും

(എ) സൈക്കോളജി/സോഷ്യോളജി/സോഷ്യൽ വർക്ക് വിഷയത്തിൽ നേടിയ രണ്ടാം ക്ലാസ്സ് ബിരുദാനന്തര ബിരുദം.

(ബി) മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്ഥാപനത്തിൽ സൂപ്പർവൈസറി തസ്തിയിൽ 15- വർഷത്തിൽ കുറയാതെയുള്ള പ്രവൃത്തി പരിചയം

(സി) പ്രസ്തുത മേഖലയിൽ ഉന്നത വിദ്യാഭ്യാസ യോഗ്യത ഉള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

(ഡി) വയസ്: 40-60 വർഷം (01/01/2018-ൽ)

2. അപേക്ഷ അയക്കേണ്ട മേൽ വിലാസം. പൊതുവിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം- 14

അവസാന തീയതിക്കുശേഷം ലഭിക്കുന്നവയും, ആവശ്യമായ യോഗ്യത ഇല്ലാത്തവരുടെയും അപേക്ഷകൾ മറ്റൊരു അറിയിപ്പ് കൂടാതെ നിരസിക്കുന്നതാണ്.

ജെസ്സിജോസഫ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഇൻചാർജ്)

<u>പകർപ്പ്:</u>

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) പ്രിൻസിപ്പാൾ എസ്.ഐ.എം.സി, പാങ്ങപ്പാറ, തിരുവനന്തപുരം.
3) വൈസ് ചെയർമാൻ & എക്സിക്യൂട്ടിവ് ഡയറക്ടർ, കൈറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4) ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, (കവറിംഗ് ലറ്റർ ഉൾപ്പെടെ) (വർത്തമാന പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)
5) സെക്രട്ടറി, പൊതുവിദ്യാഭ്യാസവകുപ്പ്, (കവറിംഗ് ലറ്റർ ഉൾപ്പെടെ)
6) പൊതുവിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ/പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ- സി.എ. മുഖാന്തിരം.
7) സ്റ്റോക്ക് ഫയൽ